ദീപിക

29 April 2017

കേരളത്തിൽ മീൻ ലഭ്യതയിൽ കുറവ്

# പുറംവരവു കൂടി, മീൻ വില കുറഞ്ഞു

**കൊച്ചി:** കേരളത്തിലെ മത്സ്യ ഉപഭോഗത്തിന്റെ 40 ശതമാനം മത്സ്യവും നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നാണെത്തുന്നതെന്നും ഇതുമൂലം മത്സ്യവിലയിൽ കുറവുണ്ടായെന്നും കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനം വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിന്റെ 60 ശതമാനം മാത്രമാണ് കേരളത്തിൽനിന്നു ലഭിക്കുന്നത്. ബാക്കി വരുന്ന മത്സ്യം കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്ര, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽനിന്നെത്തുന്നു. 2035ടെ 50 ശതമാനം മത്സ്യവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തേണ്ട സ്ഥിതിയിലേക്ക് കേരളമെത്തുമെന്നും പഠനം സൂചിപ്പിക്കുന്നു. ഒരു ദിവസം ശരാശരി 2000 മുതൽ 2500 ടൺ വരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. ഇതിൽ 1000-1200 ടൺ മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്. ഏറ്റവും കൂടുതല കർണാടകയിൽനിന്നും.



തമിഴ്നാട്, ആന്ധ്ര എന്നിവയാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. പ്രധാനപ്പെട്ട 23 തരം മത്സ്യയിനങ്ങളാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നു വരുന്നത്. ഇതിൽ മുന്നിൽ മത്തിയാണ്. 2015നെ അപേക്ഷിച്ചു 2016ൽ മത്സ്യത്തിനു 15 മുതൽ 20 ശതമാനം വരെ വിലക്കുറവുണ്ടായി. 2014നെ അപേക്ഷിച്ചു 2015ൽ 35 ശതമാനം വർധന ഉണ്ടായിടത്താണ് ഇപ്പോഴത്തെ കുറവ്. ലഭ്യതയിൽ കുറവുണ്ടായ മത്സ്യങ്ങളുടെ വിലയും ഇടിഞ്ഞതിൽപ്പെടുന്നു.

അയലയുടെ വിലയിലാണ് ഏറ്റവും കുറവുണ്ടായത്. 30.6 ശതമാനം. കേരളീയരുടെ ഇഷ്ട മത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നീ മത്സ്യങ്ങളുടെ വില മൊത്തത്തിൽ 20.7 ശതമാനം കുറഞ്ഞു. സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമും സംഘവുമാണ് മീനുകളുടെ വിപണനവും മറ്റ് സംസ്ഥാനങ്ങളിൽനിന്നു വരുന്ന മത്സ്യങ്ങളുടെ അളവും സംബന്ധിച്ചു പഠനം നടത്തിയത്.